**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1849** **29-07-2021 - ൽ മറുപടിയ്ക്ക്**

**ട്രഷറികളുടെ ആധുനികവത്ക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ട്രഷറികൾ ആധുനികവത്ക്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ട്രഷറികളിൽ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന നവീകരണ/ആധുനികവൽക്കരണ നടപടികൾ പ്രധാനമായും 2 മേഖലകളിലായാണ് നടന്നുവരുന്നത്. അടിസ്ഥാന സൗകര്യ വികസനവും ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണവും. അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽപ്പെടുത്തി സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും, ജീർണ്ണാവസ്ഥയിലുള്ളവ പുതുക്കി പണിയുന്നതിനുമുള്ള നടപടികളാണ് കൈക്കൊണ്ടു വരുന്നത്. ട്രഷറി ആധുനികവൽക്കരണത്തിന്റെ ഭാഗമായി വകുപ്പിന്റെ വിവര വിനിമയ സാങ്കേതികവിദ്യയുടെ അടിസ്ഥാന തത്വങ്ങളായ കമ്പ്യൂട്ടർ സിസ്റ്റംസ്, സെർവറുകൾ, ഡാറ്റാ കണക്റ്റിവിറ്റി എന്നിവയും മെച്ചപ്പെടുത്തുന്നുണ്ട്. ഏത് സാഹചര്യത്തിലും തടസ്സമില്ലാതെ നെറ്റ് കണക്ഷൻ ലഭ്യമാക്കുവാൻ ലക്ഷ്യമിട്ട് ബി.എസ്.എൻ.എൽ - ൽ നിന്നും Rail.Tel. ൽ നിന്നും രണ്ടു ഡാറ്റാ കം ലീസ്ഡ് കണക്ഷനുകൾ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ട്രഷറി ആധുനികവൽക്കരണത്തിന്റെ ഭാഗമായി റീപെയിന്റിംഗ്, ടോയിലറ്റ് നിർമ്മാണം, ടോയിലെറ്റ് നവീകരണം, ഫ്രണ്ട് ഓഫീസ് നിർമ്മാണം എന്നിവ ആവശ്യമുള്ള ട്രഷറികളിൽ ആയത് നിർവ്വഹിക്കുന്നതിനും ട്രഷറികൾക്കാവശ്യമായ കസേര, ഫാൻ എന്നിവ ലഭ്യമാക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം ലക്ഷ്യമാക്കി ഒരു പുതിയ ധനകാര്യ മാനേജ്മെന്റ് സംവിധാനം (ഐ.എഫ്.എം.എസ് - സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം) ട്രഷറി വകുപ്പിൽ ഏർപ്പെടുത്തിക്കഴിഞ്ഞു. വിവര സാങ്കേതിക വിദ്യയുടെ എല്ലാ സൗകര്യങ്ങളും പരമാവധി പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും കാര്യക്ഷമവുമായ സേവനം |

നൽകുന്ന മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുക എന്നതാണ് IFMS ന്റെ ഉദ്ദേശ്യം. പുതിയ കാലത്തിന്റെ എല്ലാ മാറ്റങ്ങളും ഉൾക്കൊള്ളുന്ന രീതിയിലാണ് ട്രഷറികളുടെ ആധുനികവൽക്കരണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. ഇ-ഗവേണൻസ് പരിപാടികളുടെ അന്തസത്ത ഉൾക്കൊള്ളുന്നതിലും കടലാസ് രഹിതവും പണരഹിതവുമായ ഓഫീസ് സംവിധാനത്തിലേയ്ക്ക് എത്തിച്ചേരുന്നതിനുമുള്ള മഹത്തായ കാൽവെയ്പ്പാണ് IFMS – ലൂടെ കൈവരിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാമ്പത്തിക കാര്യപരിപാലനം ഫലപ്രദമായി നിർവ്വഹിക്കുന്നതിനായി ധനവകുപ്പിന്റെ നേതൃത്വത്തിൽ അക്കൗണ്ടന്റ് ജനറൽ, റിസർവ് ബാങ്ക്, ഏജൻസി ബാങ്കുകൾ, മറ്റ് വകുപ്പുകൾ എന്നിങ്ങനെ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട് നിൽക്കുന്ന എല്ലാവരെയും സംയോജിതവും കേന്ദ്രീകൃതവുമായ നിർവ്വഹണ സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരികയെന്നതും IFMS – ന്റെ ലക്ഷ്യമാണ്. റവന്യൂ മാനേജ്മെന്റിന് വിവിധ ബാങ്കുകളെ ബന്ധിപ്പിച്ച ഇ-ട്രഷറി, ബില്ലുകൾ കേന്ദ്രീകൃതമായി പാസാക്കാനുള്ള Core TIS, ബജറ്റ് വിഹിതം നൽകാനും നിരീക്ഷിക്കാനും BAMS, ശമ്പളത്തിന് SPARK, മറ്റു ബില്ലുകൾക്ക് BIMS, കേന്ദ്രീകൃത പെൻഷൻ കാര്യങ്ങൾക്ക് PIMS, അക്കൗണ്ട് കാര്യങ്ങൾക്ക് IAMS, വെയ്സ് ആന്റ് മീൻസിന് WAMS, ഏതു ട്രഷറിയിൽ നിന്നും പണം പിൻവലിക്കാൻ കഴിയുന്ന CORE BANKING, മുദ്രപ്പത്രങ്ങളുടെയും സ്റ്റാമ്പുകളുടെയും വിതരണവും വിൽപ്പനയും മാനേജ് ചെയ്യുന്നതിനുള്ള CRA, സർക്കാർ സേവനങ്ങൾക്ക് വേണ്ടിയുള്ള ഫീസുകളും ചാർജ്ജുകളും സ്വീകരിക്കുന്നതിനായി ഇ-പോസ് മെഷീനുകൾ, ഇന്റർനെറ്റ് ബാങ്കിങ്, ട്രഷറി അക്കൗണ്ടുടമകൾക്ക് “Kerala TSB” എന്ന പേരിലും സംസ്ഥാന പെൻഷൻകാർക്ക് “Kerala Pension” എന്ന പേരിലും മൊബൈൽ ആപ്ളിക്കേഷൻ, സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണത്തിനായി e-TSB അക്കൗണ്ട്, ട്രഷറി വകുപ്പിൽ ഒരു മെച്ചപ്പെട്ട ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ് സിസ്റ്റം (ISMS) ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ISO 27001 സർട്ടിഫിക്കേഷൻ സ്റ്റാൻഡേർഡ് നേടുന്നതിനുള്ള നടപടികൾ, പെൻഷൻ റിക്കോർഡുകളുടെ ഡിജിറ്റൈസേഷൻ എന്നിങ്ങനെ ആധുനികമായ വിവിധ സങ്കേതങ്ങൾ ഉൾക്കൊണ്ടതാണ് IFMS. സർക്കാരിന്റെ ധന

| | | | |
|---|---|---|---|
| | | | ഇടപാടുകൾ പൂർണ്ണമായും കടലാസുരഹിതമാക്കുന്നതിന്റെ ഭാഗമായി എല്ലാ വകുപ്പുകളിലേയും മാസ ശമ്പള ബില്ലുകൾ പൂർണ്ണമായും കടലാസ് രഹിതമാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം മെയ് മാസം മുതൽ ട്രഷറിയുടെ പ്രവർത്തനം പുതിയ സെൻട്രൽ സെർവർ മുഖേനയാണ്. |
| (ബി) | ട്രഷറികളോടനുബന്ധിച്ച് എ.ടി.എം. സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരങ്ങൾ നൽകാമോ? | (ബി) | ട്രഷറികളോടനുബന്ധിച്ച എ.ടി.എം. സൗകര്യം ഏർപ്പെടുത്താനുള്ള പദ്ധതി നിലവിൽ പരിഗണനയിലില്ല. വാണിജ്യ ബാങ്കുകളുമായി ചേർന്ന് എ.ടി.എം. സൗകര്യം ഏർപ്പെടുത്താൻ സർക്കാർ തീരുമാനിച്ച പദ്ധതി റിസർവ് ബാങ്കിന്റെ അനുമതി ലഭിക്കാത്തതിനാൽ നാളിതുവരെയും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ